**പുറത്തെഴുത്ത് കത്ത് എ6/2074/2021 തീയതി: 27.03.2021**

തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ കീഴിലുള്ള എല്ലാ സ്കൂൾ പ്രധാന അധ്യാപകരുടെ അറിവിലേക്കും അനന്തര നടപടികളിലേക്കുമായിട്ടുള്ളതാണ് പ്രസ്തുത സർക്കുലർ. സ്കൂളുകളിലെ വൈദ്യുതി സുരക്ഷ മാർഗ്ഗ നിർദ്ദേശങ്ങളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

പേഴ്സണൽ അസിസ്റ്റന്റ് ടു
ജില്ലാ വിദ്യാഭ്യാസ ആഫീസർ,
തൃശൂർ.

[illegible]

2074

ഡബ്ല്യു3/227155/2021/ഡി.ജി.ഇ

പൊതുവിദ്യഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തിയതി. 20/03/2021
ഫോൺ: 0471-2328438
ID – dpiworks2019@gmail.com

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - വർക്സ് വിഭാഗം - സ്കൂളുകളിലെ വൈദ്യുതി സുരക്ഷ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ കത്ത് നം. സി.എം.ഒ19051557/19 തിയതി. 07/12/2019

സൂചന കത്ത് പ്രകാരം സ്കൂളുകളുടെ സുരക്ഷ സംബന്ധിച്ച് സംസ്ഥാനത്തെ സ്കൂളുകളിലെ കെട്ടിട നിർമ്മാണ വേളയിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ അംഗീകൃത ഇലക്ട്രിക്കൽ കരാറുകാരിൽ നിന്നോ അംഗീകൃത ഇലക്ട്രിക്കൽ സൂപ്പർവൈസർമാരിൽ നിന്നോ ഇലക്ട്രിക്കൽ വർക്കിന്റെ ഗുണമേന്മ സർട്ടിഫിക്കേറ്റ് കൂടി സ്കൂളിൽ നിർബന്ധമാക്കണം
2. സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ തന്നെ, ഇലക്ട്രിഫിക്കേഷൻ വർക്കുകളും ചെയ്യുന്നതിനാൽ, സാങ്കേതിക പരിജ്ഞാനമോ, ലൈസൻസോ ഇല്ലാത്ത തൊഴിലാളികൾ ഇലക്ട്രിക് ജോലി ചെയ്യുന്നത് മൂലം വലിയതോതിലുള്ള ഊർജ്ജ നഷ്ടം ഉണ്ടാകുന്നു. കൂടാതെ ഗുണ നിലവാരം കുറഞ്ഞ സാധന സാമഗ്രികൾ ഉപയോഗിക്കുന്നത് മൂലം ഇലക്ട്രിക് ഉപകരണങ്ങൾക്ക് കേട് സംഭവിക്കാനും, വൈദ്യുത ചാർജ്ജ് കൂടാനും, അപകടത്തിനും ഇടവരുത്തുന്നു. ടി കാര്യങ്ങൾ പരിഗണിച്ച് ലൈസൻസുള്ള വയർമാൻമാരെ കൊണ്ട് ഗുണമേന്മയുള്ള സാധന സാമഗ്രികൾ ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങളുടെ വയറിംഗ് ജോലികൾ പൂർത്തീകരിക്കുന്നതിന് പ്രഥമാധ്യാപകർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :-

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) എല്ലാ ഉപജില്ലാ ഓഫീസർമാർക്കും
4) എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള പ്രൈവറ്റ് സ്കൂൾ പ്രഥമാധ്യാപകർക്കും/പ്രിൻസിപ്പാൾമാർക്കും

} എല്ലാ പ്രഥമാധ്യാപകർക്കും നിർദ്ദേശം നൽകേണ്ടതാണ്

5) ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ KITE, പൂജപ്പുര.

} പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.